File No. DCKNR/9985/2017/C3

**ഫോറം നമ്പർ 10**

**[21(16) ചട്ടം കാണുക]**

**സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം**

നമ്പർ : DCKNR/9985/17/സി3 തീയ്യതി : 01.03.2019

താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും , സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം 23.06.2018 തീയ്യതിയിലെ വാല്യം 7 , 1688 നമ്പർ അസാധാരണ ഗസറ്റിലും 27.06.2018 തീയ്യതിയിലെ കേരള കൗമദി ദിനപത്രത്തിലും 28.06.2018 ലെ ദേശാഭിമാനി ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും

താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു കാര്യത്തിനായി പൊന്നും വിലയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാകലക്ടർക്ക് ബോധ്യപ്പെട്ടതിനാലും

ഇപ്പോൾ തന്മൂലം 19 ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.5005 ഹെക്ടർ അതിൽ അല്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്നതുമായ ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത് കൊടുവള്ളി റെയിൽവെ മേൽപാലം നിർമ്മിക്കുന്നതിന് ആശ്യമുണ്ടെന്ന് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാകലക്ടർ ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ഭൂമി പൊന്നും വിലക്കെടുക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പൊന്നും വില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ. എ) തലശ്ശേരി എന്ന ആളിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ തലശ്ശേരി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാകുന്നു.

File No. DCKNR/9985/2017/C3

പട്ടിക 1

പൊന്നും വില ഭൂമിയുടെ വിവരണം

ജില്ല : കണ്ണൂർ

താലൂക്ക് : തലശ്ശേരി

വില്ലേജ് : തലശ്ശേരി

ദേശം : മണ്ണയാട്

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നമ്പർ | ബ്ലോക്ക് | റി.സ നമ്പർ | എൽ. എ സബ്ബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | | 12/2 ബി1 | 12/4 | നഞ്ച | 0.0467 | |
| 2 | | 15/14 ബി | 15/18 | തോട്ടം | 0.0450 | |
| 3 | | 15/15 എ | 15/19 | തോട്ടം | 0.1044 | |
| 4 | | 16 | 16/2 | പുറമ്പോക്ക് | 0.0082 | |
| 5 | | 21/6 ബി | 21/12 | പുറമ്പോക്ക് | 0.0111 | |
| 6 | | 21/6 സി | 21/13 | തോട്ടം | 0.0051 | |
| 7 | | 21/7 എ | 21/14 | തോട്ടം | 0.0031 | |
| 8 | | 21/7 സി | 21/15 | തോട്ടം | 0.0018 | |
| 9 | | 21/8 എ 1 | 21/16 | നഞ്ച | 0.1102 | |
| 10 | | 21/8 എ 3 | 21/18 | നഞ്ച | 0.0001 | |
| 11 | | 21/9 | 21/19 | നഞ്ച | 0.0474 | |
| 12 | | 21/10 | 21/21 | പുറമ്പോക്ക് | 0.0331 | |
| 13 | | 25/1 എ 1 ബി | 25/3 | തോട്ടം | 0.0305 | |
| 14 | | 33/11 എ 3 | 33/25 | തോട്ടം | 0.0538 | |
| ആകെ | | | | | **0.5005** | |

## പട്ടിക 2

### പുനരധിവാസ ഭൂമി സംബന്ധിച്ച വിവരം

പുനരധിവാസ ഭവനത്തിന് പകരം 3,00,000/- രൂപ കക്ഷികൾ സ്വീകരിക്കാൻ താത്പര്യപ്പെട്ടതിനാൽ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തേണ്ടി വന്നിട്ടില്ല.

## പട്ടിക 3

### പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ ചുരുക്കം

കൊട്ടവള്ളി റെയിൽവെ മേൽപാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും അർഹതയുള്ളതിനാൽ ജി. ഒ (എം. എസ്) 448/17/ആർഡി തീയ്യതി 29.12.2017 പ്രകാരം പുനരധിവാസത്തിനുള്ള കരട് സ്കീം തയ്യാറാക്കുകയും ആയത് ലാന്റ് റവന്യൂ കമ്മീഷണറുടെ 19.12.2018 ലെ നമ്പർ എൽ . ആർ സി 4-52678/18 നടപടിക്രമ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

**പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീം ചുവടെചേർക്കുന്നു.**

**I) വീട് പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യം**

1. അബ്ദുൾ റഹ്മാൻ പുതിയപുരയിൽ : 4,60,000/-
2. ആയിഷ പുതിയപുരയിൽ : 4,60,000/-
3. ഡോ. മുഹമ്മദ് അഹ്ദുള്ള & എം. എം ഖദീജ : 4,60,000/-

ആകെ : **13,80,000/-**

**II) വാടകക്കാരന് ലഭിക്കുന്ന ആനുകൂല്യം**

1. ഗിരിജ : 30,000/-

ആകെ : **30,000/-**

**III) കെട്ടിട ഉടമയ്ക്ക് ലഭിക്കുന്ന ആനുകൂല്യം**

1. സക്കീന കളത്തുങ്കര : 50,000/-

ആകെ : **50,000/-**

**IV) ഹോട്ടൽ വടവതിയുടെ ഉടമയ്ക്ക് ലഭിക്കുന്ന ആനുകൂല്യം**

1. സുമ . സി.എം : 1,00,000/-
   സതീശൻ സി.എം
   സുധീർ സി.എം
   സുഷ സി.എം (കൂട്ടുടമസ്ഥതയിൽ) ആകെ : **1,00,000/-**

**V) ഉസ്താനിയ മരമിൽ ഉടമയ്ക്ക് ലഭിക്കുന്ന ആനുകൂല്യം**

1. എ.പി.എം അബ്ദുൾ ബഷീർ : 1,00,000/-
   എ.പി.എം അബ്ദുൾ ഷുക്കൂർ
   (കൂട്ടുടമസ്ഥതയിൽ) ആകെ : **1,00,000/-**

**VI) ഉസ്താനിയ മരമിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം**

1. സിറാജ് . കെ.പി : 36,000/-
2. സജേഷ്. വി : 36,000/-
3. മുഹമ്മദ് ടി. പി : 36,000/-

ആകെ : **1,08,000/-**

**പുനരധിവാസത്തിനു പുനഃസ്ഥാപത്തിനുമുള്ള ആകെ തുക : 17,68,000/-**

ജില്ലാകലക്ടർ,
കണ്ണൂർ